**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 617** **30-01-2024 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക ആവശ്യത്തിനുള്ള ഭൂമിയുടെ ക്രയവിക്രയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകരമായ രീതിയിൽ വ്യാവസായിക ആവശ്യത്തിനുള്ള ഭൂമിയുടെ ക്രയവിക്രയം സംബന്ധിച്ച നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ/ഏരിയകൾ/ പ്ലോട്ടുകളിലെ ഭൂമിയുടെ അലോട്ട്മെന്റും അസൈൻമെന്റുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റ് ലാൻഡ് അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ് റൂൾസ് - 2023 (G.O (P) No. 309/2023/RD dated 11/12/2023) നിലവിൽ വന്നിട്ടുണ്ട്. പുതിയ ചട്ടം നിലവിൽ വന്നതോടെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലുള്ള വ്യവസായ ഭൂമിയുടെ കൈമാറ്റം ലളിതമാക്കിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന റൂൾ പ്രകാരം ഭൂമിയുടെ വിലയിൽ ഉണ്ടായ വ്യത്യാസവും ഭൂമി വിലയുടെ 10% പ്രോസസിങ് ഫീസും സർക്കാരിൽ ഒടുക്കണമായിരുന്നു. കൂടാതെ, ഉദ്പാദന പ്രവർത്തനം ആരംഭിച്ച് 3 വർഷം കഴിഞ്ഞാൽ മാത്രമേ ഭൂമിയുടെ കൈമാറ്റം നടത്താൻ കഴിയുമായിരുന്നുള്ളൂ. വ്യവസായ പട്ടയത്തിൽ ഏത് തരത്തിലുള്ള ഇൻഡസ്ട്രിയൽ ആക്ടിവിറ്റിയാണെന്ന് എടുത്തു പറയുമായിരുന്നു.<br><br>പുതിയ റൂൾ പ്രകാരം വ്യവസായ ഭൂമിയുടെ കൈമാറ്റത്തിന് 25,000/- രൂപയും ആക്ടിവിറ്റി മാറ്റത്തിന് 10,000/- രൂപയും മാത്രം പ്രൊസസിങ് ഫീ ഇനത്തിൽ അടച്ചാൽ മതിയാകും. ഭൂമി വിലയിലുണ്ടായ വ്യത്യാസം അടയ്ക്കേണ്ടതില്ല. ഭൂമി അലോട്ട് ചെയ്ത് 3 വർഷത്തിനു ശേഷം കൈമാറ്റം നടത്താം എന്ന ഭേദഗതിയും വരുത്തിയിട്ടുണ്ട്. പട്ടയം ലഭിച്ച ഭൂമിയാണെങ്കിൽ ഏത് തരം വ്യവസായ പ്രവർത്തനമായാലും പട്ടയത്തിൽ Industrial activity എന്ന് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ. ഇൻഡസ്ട്രിയൽ ആക്ടിവിറ്റി മാറ്റുന്നതിനനുസരിച്ച് പട്ടയത്തിൽ മാറ്റം വരുത്തേണ്ടതില്ല. |

സെക്ഷൻ ഓഫീസർ